"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ PTCM തസ്തികയിൽ ജോലിചെയ്ത് വരവെ മരണപ്പെട്ട ബേബി.C യുടെ മകൻ ശ്രീ.ജയകുമാർ.C-യ്ക്ക് പാർട്ട് ടൈം കണ്ടിൻജൻറ് മീനിയൽ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്

സ.ഉ.(കൈ) നം.14/2026/GEDN തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. സ.ഉ.(പി) നം.12/1999/ഉഭപവ തീയതി 24.05.1999
2. സ.ഉ.(പി) നം.7/2018/ഉഭപവ തീയതി 28.04.2018
3. ശ്രീ.ജയകുമാർ.C സമർപ്പിച്ച 19.12.2024, 04.10.2025 തീയതികളിലെ അപേക്ഷകൾ
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 31.05.2025 - ലെ DCTVM/ 5526/2025-S6 നമ്പർ കത്ത്.
5. 27.12.2025 തീയതികളിലെ DGE/27222/2024-A4 നമ്പർ കത്ത്.
6. സ.ഉ.(പി) നം.4/2025/ഉഭപവ തീയതി 29.03.2025
7. സ.ഉ.(പി) നം.15/2025/ഉഭപവ തീയതി 09.11.2025

<u>ഉത്തരവ്</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ PTCM തസ്തികയിൽ ജോലിചെയ്ത് വരവെ മരണപ്പെട്ട ബേബി.C-യുടെ മകൻ ശ്രീ.ജയകുമാർ.C, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനതപുരം ജില്ലയിൽ ക്ലാർക്ക്/ഓഫീസ് അറ്റൻഡന്റ്/എഫ്.ടി.എം. തസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയും രേഖകളും പരിശോധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കുകയും തുടർന്ന് അപേക്ഷയിന്മേൽ അന്വേഷണം നടത്തി തിരുവനന്തപുരം ജില്ലാ കളക്ടർ പരമാർശം (4) പ്രകാരവും നിയമനത്തിന് ശുപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചു.

2) ബേബി.C, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ PTCM തസ്തികയിൽ ജോലിചെയ്ത് വരവെ 09.01.2024-ൽ മരണപ്പെട്ടു. 07.08.2001- ൽ സർവീസിൽ പ്രവേശിച്ച ടിയാൾ 22 വർഷം 5 മാസം 4 ദിവസവും സേവനമനുഷ്ഠിക്കുകയും ചെയ്തു. അപേക്ഷകൻ,

മരണപ്പെട്ട ജീവനക്കാരിയുടെ ആശ്രിതനായ മകനാണ്. 49 വയസ്സുള്ള ടിയാളുടെ ജനനതീയതി 10.05.1976 ആണ്. SSLC യോഗ്യതയുള്ള അപേക്ഷകൻ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ വാർഷിക വരുമാനം 38,000/-(മുപ്പത്തി എണ്ണായിരം രൂപ മാത്രം) രൂപയാണ്. ആയത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 28.04.2018-ലെ സ.ഉ.(അ) 7/2018/ഉഭപവ നമ്പർ ഉത്തരവിൽ നിശ്ചയിച്ചിട്ടുളള വരുമാനപരിധിയ്ക്കുള്ളിലാണ്. പരേതന്റെ എല്ലാ അവകാശികളും അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. മറ്റൊരവകാശിയും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിച്ചിട്ടില്ല. ജോലി ലഭിച്ചാൽ പരേതന്റെ മറ്റ് ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്ന സമ്മതപത്രവും സമർപ്പിച്ചിട്ടുണ്ട്. ടിയാൻ കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളിലോ, വകുപ്പുകൾക്ക് കീഴിലുളള സ്ഥാപനങ്ങളിലോ, പൊതുമേഖലാ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവിടങ്ങളിലോ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടില്ല.

3) പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 17 പ്രകാരം ഓരോ തസ്തികയിലും നേരിട്ടുളള നിയമനത്തിനായി നിശ്ചയിച്ചിട്ടുളള പ്രായപരിധി തന്നെയായിരിക്കും ആശ്രിത നിയമനത്തിനും ബാധകമാകുന്നത്. അപേക്ഷകനായ ശ്രീ.ജയകുമാർ 49-വയസ്സ് പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടിയാൻ ഓപ്റ്റ് ചെയ്ത തസ്തികകളായ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവയിൽ നിയമനത്തിന് പരിഗണിക്കാൻ സാധിക്കില്ല. മേൽപ്പറഞ്ഞ ഉത്തരവിലെ ഖണ്ഡിക 18 പ്രകാരം പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികകളിലേക്കുള്ള നിയമനത്തിന് ഉയർന്ന പ്രായപരിധി ബാധകമല്ല. ശ്രീ ജയകുമാർ ആശ്രിത നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്ന വിദ്യാഭ്യാസവകുപ്പിലെ എഫ്.ടി.എം തസ്തിക ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുളള തസ്തികയാണ്. പ്രായപരിധി കഴിഞ്ഞതിനാൽ ടി തസ്തികയിലേയ്ക്കും അപേക്ഷകനെ നിയമനത്തിനായി പരിഗണിക്കാനാവില്ല. എന്നാൽ, പാർട്ട് ടൈം തസ്തികകളിലേയ്ക്ക് നിയമനത്തിന് അർഹതയുള്ളതിനാൽ തനിക്ക് Part Time Menial Servant, Part Time Sweeper, Part Time Cleaner എന്നീ തസ്തികകളിലെ നിയമനത്തിന് പരിഗണിച്ചാൽ മതിയെന്നാവശ്യപ്പെട്ട് ശ്രീ.ജയകുമാർ 04.10.2025 തീയതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീ. ജയകുമാർ.സി-യ്ക്ക് നിയമനം നൽകുന്നതിന് തിരുവനന്തപുരം ജില്ലയിൽ പാർട്ട് ടൈം കണ്ടിൻജന്റ് മീനിയൽ (പി.റ്റി.സി.എം) തസ്തികയിൽ ഒഴിവ് നിലവിലുണ്ടെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4)-ലെ 27.12.2025 തീയതിയായുള്ള കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.

4) പരാമർശം (7) ഉത്തരവിലെ സ്പഷ്ടീകരണം പ്രകാരം വകുപ്പുകൾ നിയമനാനുമതി നൽകിക്കഴിഞ്ഞതോ അർഹത നിശ്ചയിച്ച കഴിഞ്ഞിട്ടുള്ളതോ ആയ കേസുകളിൽ പരാമർശം (6) ഉത്തരവിൽ നിർദേശിച്ചിരിക്കും വിധം സോഫ്റ്റ് വെയർ തയ്യാറാക്കി നിയമന നടപടികൾ ആരംഭിക്കുന്നതുവരെയോ അതല്ലെങ്കിൽ 31.12.2025 വരെയോ, ഏതാണോ ആദ്യം (ഒഴിവുകൾ നികത്തുന്നതിനുള്ള ഏകീകൃത സംവിധാനം നിലവിൽ വരുന്നതുവരെ) അതുവരെ പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ആശ്രിത നിയമനം നടത്തുന്നതിനുള്ള നടപടികൾ അതത് ഭരണ വകുപ്പുകൾക്ക് സ്വീകരിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, പരാമർശം (6) ഉത്തരവിന് വിധേയമായി, വയസ്, വിദ്യാഭ്യാസ യോഗ്യതകൾ, സ്വഭാവ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് മുതലായവ നിയമനാധികാരി പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള രേഖകൾ എപ്പോഴെങ്കിലും വ്യാജമെന്ന് തെളിഞ്ഞാൽ ഈ നിയമനം റദ്ദ്

ചെയ്യുന്നതാണ് എന്ന വ്യവസ്ഥയിലും ആശ്രിതനിയമന അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന സംരക്ഷണസമ്മതമൊഴി ലംഘിക്കുന്ന ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25 % തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നല്കുന്നത് സംബന്ധിച്ച പൊതുവ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ടുള്ള 14.07.2023 ലെ സ.ഉ(അ) നം.12/2023/ഉ.ഭ.പ.വ പ്രകാരം സംരക്ഷണസമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25 % തുക പിടിക്കുന്നതിനുള്ള ഒരു സമ്മതപത്രം കൂടി അപേക്ഷകന്റെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണെന്ന് നിർദേശിച്ചുകൊണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ PTCM തസ്തികയിൽ ജോലിചെയ്ത് വരവെ മരണപ്പെട്ട ബേബി.C യുടെ മകൻ ശ്രീ.ജയകുമാർ.C-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ പാർട്ട് ടൈം കണ്ടിൻജന്റ് മീനിയൽ തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , കേരള, തിരുവനന്തപുരം
ശ്രീ.ജയകുമാർ.സി, തോപ്പ്, ടി.സി 25/553-1, മോസ്ക് ലെയ്ൻ , ജി.പി.ഒ തിരുവനന്തപുരം - 695001
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (17.01.2026-ലെ RuleA3/4/2025-P&ARD പ്രകാരം)
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് *(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Siju Vasudevan
Date: 30-01-2026 13:27:42
സെക്ഷൻ ഓഫീസർ

*പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ് -ന്*